## പ്രധാനവാർത്തകൾ

1) ഇന്ത്യാ ഊർജ വാരത്തിന് ഗോവയിൽ തുടക്കമായി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഉൽപ്പാദന - സേവന മേഖലകളെ ഉത്തേജിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) ശബരിമല സ്വർണപ്പാളി കേസിൽ നിയമസഭയിൽ പ്രതിഷേധം. ദേവസ്വം മന്ത്രി രാജിവെക്കണമെന്ന് പ്രതിപക്ഷം. സഭാകവാടത്തിൽ രണ്ട് പ്രതിപക്ഷ എം.എൽ.എമാർ സത്യഗ്രഹം തുടങ്ങി.

3) അവയവമാറ്റം ഉൾപ്പെടെ ചെലവ് ഏറിയ ചികിത്സകൾക്ക് പ്രത്യേക ഇൻഷ്വുറൻസ് നടപ്പാക്കുന്നതിൻറെ പ്രായോഗികത പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4) പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷി യോഗം ആരംഭിച്ചു. ബജറ്റ് സമ്മേളനം നാളെ മുതൽ.

5) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുരസ്കാരങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സമ്മാനിക്കും.

RNU TVPM

6) അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി - ഊർജ്ജ വാരം

ആഗോള വ്യാപാര, വിതരണ ശൃംഖലയുടെ മൂന്നിലൊന്ന് സംഭാവന ചെയ്യുന്ന സമ്പദ്‌വ്യവസ്ഥകൾ തമ്മിലുള്ള ഏകോപനമാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗോവയിൽ ഇന്ത്യ ഊർജ്ജ വാരത്തെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഉൽപ്പാദന, സേവന മേഖലകളെ ഉത്തേജിപ്പിക്കും. ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ആഗോള വേദിയായി ഇന്ത്യ ഊർജ്ജ വാരം മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## നിയമസഭ -എ.ഡി.എൻ (ഇൻട്രോ)

ശബരിമല സ്വർണക്കേസ് വിഷയം ഉയർത്തി രണ്ടു പ്രതിപക്ഷ എംഎൽഎമാർ നിയമസഭാ കവാടത്തിനു മുന്നിൽ സത്യഗ്രഹം ആരംഭിച്ചു. നാല് ദിവസത്തെ ഇടവേളയ്ക്കു ശേഷം സഭ ഇന്ന് സമ്മേളിച്ചപ്പോൾ തന്നെ പ്രതിപക്ഷം ശബരിമല വിഷയം ഉയർത്തുകയായിരുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

RNUTVPM

ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയചർച്ച ഇന്ന് നിയമസഭയിൽ നടക്കും. ഈ മാസം 29 നാണ് സംസ്ഥാന ബജറ്റ്.

## വി.ഡി.സതീശൻ

പയ്യന്നൂർ ഫണ്ട് തട്ടിപ്പ് വിഷയത്തിൽ സിപിഐഎമ്മും മുഖ്യമന്ത്രിയും പ്രതിരോധത്തിലാകും എന്നുള്ളത് കൊണ്ടാണ് അടിയന്തര പ്രമേയത്തിന് അനുമതി നൽകാതിരുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. നിയമസഭാ നടപടികൾ ബഹിഷ്കരിച്ച ശേഷം മീഡിയാ റൂമിൽ മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പയ്യന്നൂർ MLA ഓഫീസിലേക്ക് മാർച്ച് നടത്തിയ സ്ത്രീകൾ ഉൾപ്പെടെയുള്ള കോൺഗ്രസ് പ്രവർത്തകരെ സിപിഐഎം പ്രവർത്തകർ മർദ്ദിച്ചതായി പ്രതിപക്ഷ നേതാവ് ആരോപിച്ചു.

## മുഖ്യമന്ത്രി- നിയമസഭ (ഇൻട്രോ)

അവയവമാറ്റം ഉൾപ്പെടെ ചെലവ് ഏറിയ ചികിത്സകൾക്കായി പ്രത്യേക ഇൻഷ്വുറൻസ് പരിരക്ഷയുൾപ്പെടെയുള്ള കാര്യങ്ങൾ, നടപ്പാക്കുന്നതിൻറെ പ്രായോഗികത പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അവയവമാറ്റ ചികിത്സയ്ക്ക് സർക്കാർ അനുവദിക്കുന്ന സഹായധനത്തിൻറെ ഉയർന്ന പരിധി സംബന്ധിച്ച് എ.കെ.അഷ്റഫിൻറെ ചോദ്യത്തിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു അദ്ദേഹം.

(വോയിസ്)

RNU TVPM

## നിയമസഭ- എം.ബി.രാജേഷ്

സംസ്ഥാനത്ത് നഗര-നയം ആവിഷ്ക്കരിക്കുമെന്ന് മന്ത്രി എം.ബി.രാജേഷ്. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം നഗരനയം ആവിഷ്ക്കരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല - റിമാൻഡ്

ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം മുൻ പ്രസിഡൻറ് എ.പത്മകുമാറിനെ വീണ്ടും റിമാൻഡ് ചെയ്തു. 14 ദിവസത്തേയ്ക്കാണ് റിമാൻഡ്. കൊല്ലം വിജിലൻസ് കോടതിയുടേതാണ് നടപടി.

☸☸☸☸☸☸☸☸☸☸☸☸☸☸☸

RNU TVPM

## തീവ്ര വോട്ടർപട്ടിക പരിഷ്കരണം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻമേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ പട്ടികയിൽനിന്നു പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കണം.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## പാർലമെന്റ് - ബജറ്റ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ സമ്മേളനം ആരംഭിക്കും. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക

സർവേ മറ്റെന്നാൾ പാർലമെൻറിൽ സമർപ്പിക്കും. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. നാളെ മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് പാർലമെൻറിൻറെ ബജറ്റ് സമ്മേളനം.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സർവ്വകക്ഷിയോഗം

അതിനിടെ, ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷി യോഗം ആരംഭിച്ചു. രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്ങിൻറെ അധ്യക്ഷതയിലാണ് യോഗം. 30 ദിവസത്തെ ബജറ്റ് സമ്മേളനം സുഗമമാക്കുന്നതിൻറെ ഭാഗമായിയാണ് യോഗം വിളിച്ചു ചേർത്തത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വൈജ്ഞാനിക പുരസ്കാരങ്ങൾ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുരസ്കാരങ്ങൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. വൈകിട്ട് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മന്ത്രി സജി ചെറിയാൻ അദ്ധ്യക്ഷനാകും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഹജ്ജ് കമ്മിറ്റി

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തീർത്ഥാടകർക്ക് പരാതിരഹിത സംവിധാനങ്ങൾ ഒരുക്കുമെന്ന് മന്ത്രി വി അബ്ദുറഹ്മാൻ. ഹജ്ജ് കമ്മിറ്റിയുടെ സാങ്കേതിക ക്ലാസ് രണ്ടാം ഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ

നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഹജ്ജ് കമ്മിറ്റിയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പേരെ ഹജ്ജിനയക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ കാലത്താണെന്നും അദ്ദേഹം പറഞ്ഞു. മെയ് അഞ്ച് മുതൽ 19 വരെയുള്ള ദിവസങ്ങളിലാണ് ഹജ്ജ് തീർത്ഥാടക സംഘങ്ങൾ പുറപ്പെടുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശിക്ഷ അഭിയാൻ - കണ്ണൂർ പിടിസി (ഇൻട്രോ)

പ്രധാനമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ ,രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ എന്നീ പദ്ധതികളുടെ മേഖലാ തല അവലോകന യോഗം കണ്ണൂർ സർവകശാലയിൽ ആരംഭിച്ചു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൈസ് ചാൻസലർമരുൾപ്പെടെയുള്ളവർ പങ്കെടുക്കുന്നുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....**

RNU TVPM

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല -ഷൂട്ടിംഗ് കേസ്

മകരവിളക്ക് ദിനം അനുമതിയില്ലാതെ ശബരിമല സന്നിധാനത്തും പരിസര പ്രദേശങ്ങളിലും സിനിമാ ഷൂട്ടിംഗ് നടത്തിയതിന് സംവിധായകൻ അനുരാജ് മനോഹറിനെതിരെ വനം വകുപ്പ് കേസ് എടുത്തു.

പെരിയാർ കടുവാ സങ്കേതത്തിൻറെ ഭാഗമായ സ്ഥലത്താണോ ചിത്രീകരണം നടത്തിയതെന്ന് വനംവകുപ്പ്

പരിശോധിച്ചുവരികയാണ്. വനത്തിൽ അതിക്രമിച്ചു കയറിയതടക്കം വകുപ്പുകളാണ് സംവിധായകനെതിരെ ചുമത്തിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## കഴക്കൂട്ടം - അറസ്റ്റ്

തിരുവനന്തപുരം കഴക്കൂട്ടത്ത് പോലീസ് സ്റ്റേഷന് മുന്നിൽ നിർത്തിയിട്ട വാഹനത്തിലിരുന്നു പരസ്യമായി മദ്യപിച്ച ആറ് പോലീസുകാരെ സസ്പെൻഡ് ചെയ്തു. പോലീസുകാർ മദ്യപിച്ചതു ഡ്യൂട്ടി സമയത്തെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. നല്ല നടപ്പ് പരിശീലനം നൽകാനും തീരുമാനിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഷിംജിത കേസ്

സമൂഹമാധ്യമത്തിലൂടെ അപകീർത്തികരമായ വീഡിയോ പ്രചരിപ്പിച്ചതിനെ തുടർന്ന് കോഴിക്കോട് സ്വദേശി ദീപക്ക് മരിക്കാനിടയായ കേസിൽ പ്രതി ഷിംജിത മുസ്തഫക്ക് ജാമ്യമില്ല. കേസിൽ റിമാൻഡിലാണ് ഷിംജിത. ആത്മഹത്യാ

പ്രേരണാ കുറ്റത്തിനാണ് കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് കേസെടുത്തിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## അണ്ടർ -19 ലോകകപ്പ്

സിംബാബ്‌വെയിൽ നടക്കുന്ന അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ആതിഥേയരെ നേരിടും.

RNUTVPM

സൂപ്പർ സിക്സ് സ്റ്റേജിലെ ആറാം മത്സരം ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒരു മണിക്ക് ആരംഭിക്കും. ടൂർണമെന്റിൽ തുടർച്ചയായ ജയത്തോടെയാണ് ഇന്ത്യ മുന്നേറുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 133 പോയിന്റ് നേട്ടത്തിൽ 81,671 ലും, നിഫ്റ്റി 69 പോയിന്റ് ഉയർന്ന് 25,118 ലും വ്യാപാരം തുടരുന്നു.
സ്വർണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി 18,760 രൂപയും, ഗ്രാമിന് 14,845 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ഗുജറാത്ത് ജയന്റ്സിനെ നേരിടും. വൈകിട്ട് 7.30 ന് വഡോദരയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 15 റൺസിന് മുംബൈ ഇന്ത്യൻസ് പരാജയപ്പെടുത്തി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഒഡിഷയെ നേരിടും. ഉച്ചയ്ക്ക് 2 മണിക്ക് അസമിലാണ് മത്സരം. ഒരു ജയവും സമനിലയും ഉൾപ്പെടെ നാല് പോയിന്റുമായി ഗ്രൂപ്പ് ബിയിൽ കേരളം ഒന്നാമതാണ്. ഇന്നത്തെ മത്സരം ജയിച്ചാൽ കേരളത്തിന് ക്വാർട്ടർ റൗണ്ട് ഉറപ്പാകും.

## കീം പ്രവേശനം

2026-27 അധ്യയന വർഷത്തെ കേരളത്തിലെ എൻജിനിയറിങ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഈ മാസം 31 വരെ അപേക്ഷിക്കാം. 'KEAM 2026' പോർട്ടൽ വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ
ഔദ്യോഗിക വെബ്സൈറ്റായ cee.kerala.gov.in സന്ദർശിക്കുക.

## മലയിൻകീഴ് ആശുപത്രി

തിരുവനന്തപുരത്തെ മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ പുതിയ ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിക്കും. 6 നിലകളിലായി നിർമിച്ചിരിക്കുന്ന മന്ദിരത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം ഉൾപ്പടെ വിവിധ വിഭാഗങ്ങൾ ആധുനിക രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

RNU TVPM

## മത്സ്യത്തൊഴിലാളി- ആനുകൂല്യ വിതരണം

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൻറെ പുതിയ പദ്ധതിയായ വിരമിക്കൽ ആനുകൂല്യ വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് തിരുവനന്തപുരത്ത് മന്ത്രി വി.ശിവൻകുട്ടി നിർവഹിക്കും. വെട്ടുകാട് കമ്മ്യൂണിറ്റി ഹാളിലാണ് പരിപാടി.
മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ

അംശാദായമായി അടച്ച തുക വിരമിക്കുന്ന സമയത്ത് തിരികെ നൽകണമെന്ന ആവശ്യത്തിനാണ് ഇതോടെ പരിഹാരമാകുന്നത്.

☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

RNU TVPM